"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി ഗ്രാവിണി സി.-യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.46/2026/AYUSH തീയതി, തിരുവനന്തപുരം, 22-01-2026

---

പരാമർശം:- (1) സർക്കുലർ നം. 36/94/ധന തീയതി 14/06/1994.

(2) ശ്രീമതി ഗ്രാവിണി സി. സമർപ്പിച്ച 28/06/2025-ലെ അവധി അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 22/09/2025-ലെ DHTVM/1611/2025-EA5 - നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി ഗ്രാവിണി സി., ടൈപ്പ് വൺ പ്രമേഹ രോഗ ബാധിതയായതിനാൽ നിലവിലെ ആരോഗ്യ പ്രശ്നങ്ങൾ കാരണം 01/07/2025 മുതൽ 30/06/2027 വരെ 2 വർഷത്തേയ്ക്ക് ശുന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് അവധി എടുക്കുവാനുണ്ടായ സാഹചര്യം സഹിതം പരാമർശം-(2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി ഗ്രാവിണി സി.-യ്ക്ക്, സൂചന സർക്കുറിലെ ഖണ്ഡിക ii(a) പ്രകാരം 'വ്യക്തിപരം' തുടങ്ങിയ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതന അവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ, 01/07/2025 മുതൽ ഒരു വർഷത്തേയ്ക്ക് പരിമിതപ്പെടുത്തി 30/06/2026 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ, ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.

2. ശ്രീമതി ഗ്രാവിണി സി., ഫാർമസിസ്റ്റ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, കൊഴിഞ്ഞാമ്പാറ, പാലക്കാട്. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്.
4. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (08/01/2026-ലെ E 3322257/HLT-B3/856/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)/കേരളം, തിരുവനന്തപുരം.
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/159/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 22-01-2026 22:45:56

സെക്ഷൻ ഓഫീസർ.